**ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ കോഴിക്കോടിന്റെ നടപടിക്രമം**

**(ഹാജർ : എ ഗീത,ഐ.എ.എസ്)**

വിഷയം : നിപ വൈറസ് വ്യാപനം- നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. 12/09/2023 തിയ്യതിയിലെ DCKKD/9827/2023-F4 നം ഉത്തരവ്

2. 13/09/23 തിയ്യതിയിലെ DCKKD/9827/2023-F4 നം ഉത്തരവ്

ഉത്തരവ് നം DCKKD/9827/2023-F4 , തിയ്യതി: 14/09/2023

---

കോഴിക്കോട് ജില്ലയിൽ മൂന്ന് പേർക്ക് നിപ വൈറസ് രോഗം സ്ഥിരീകരിക്കുകയും, നിരവധിപേർ നിരീക്ഷണത്തിലാവുകയും ചെയ്ത സാഹചര്യത്തിൽ ജില്ലയിൽ പൊതുവായി മുൻകരുതൽ നടപടി എന്ന നിലയിൽ സൂചന 2 പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും മരണ നിരക്ക് വളരെകൂടിയ നിപ വൈറസ് ബാധയ്ക്കെതിരെ കൂടുതൽ ജാഗ്രത ആവശ്യമാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ പകർച്ചവ്യാധി നിയന്ത്രണ നിയമം, പകർച്ചവ്യാധി നിയന്ത്രണ ഭേതഗതി നിയമം എന്നീവ അടിസ്ഥാനമാക്കിയും, 2005 ലെ ദുരന്ത നിവാരണ നിയമത്തിലെ സെക്ഷൻ 26, 30, 34 എന്നീവ അനുസരിച്ചും താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

<u>കണ്ടൈൻമെന്റ് സോണിലെ നിയന്ത്രണങ്ങൾ</u>

1) സൂചന 2 ഉത്തരവിലെ എല്ലാ നിയന്ത്രണങ്ങളും തുടരേണ്ടതാണ്.
2) ഒരു തരത്തിലുമുള്ള കൂടിച്ചേരലുകൾ( ആരാധനാലയങ്ങൾ ഉൾപ്പെടെ), യോഗങ്ങൾ, പൊതുപരിപാടികൾ എന്നീവ അനുവദിക്കുന്നതല്ല.
3) ആശുപത്രികളിൽ സന്ദർശകരെ അനുവദിക്കുന്നതല്ല. രോഗിക്കൊപ്പം ഒരു ബൈസ്റ്റാന്ററെ മാത്രം അനുവദിക്കും.
4) കള്ള് ചെത്തുന്നതും, വിൽക്കുന്നതും ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നിർത്തിവെയ്ക്കേണ്ടതാണ്.
5) കണ്ടൈൻമെന്റ് സോണുകളിലെ സർക്കാർ ഓഫീസ് ജീവനക്കാർക്ക് മേലധികാരികൾ ' Work from home' സംവിധാനം ഒരുക്കേണ്ടതാണ്.
6) കണ്ടൈൻമെന്റ് സോണുകളിൽ താമസിക്കുന്നവരും, മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരുമായവർക്കും ഈ സൗകര്യം ഏർപ്പെടുത്തുവാൻ ഓഫീസ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

7) പ്രദേശങ്ങളിൽ നിയന്ത്രിതമായ രീതിയിൽ സന്നദ്ധ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. സന്നദ്ധ പ്രവർത്തനത്തിനു നിയോഗിക്കപ്പെട്ടവർക്ക് ID കാർഡ് ബന്ധപ്പെട്ട SHO നൽകേണ്ടതാണ്. ഇതിനായി സന്നദ്ധ പ്രവർത്തകരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് പോലീസിനു കൈമാറേണ്ടതാണ്.

8) പ്രദേശത്തെ പൊതുപാർക്കുകൾ, ബീച്ചുകൾ എന്നീവയിൽ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ പൊതു ജനങ്ങൾക്ക് പ്രവേശനമുണ്ടായിരിക്കുകയില്ല.

9) മൃഗസംരക്ഷണ വകുപ്പ് നിരീക്ഷണവും, ബോധവൽക്കരണവും ശക്തമാക്കേണ്ടതാണ്. പന്നിഫാമുകൾ, വാവലുകളുടെ താവളമായ കെട്ടിടങ്ങൾ, പ്രദേശങ്ങൾ എന്നീവ കർശന പരിശോധനകൾക്ക് വിധേയമാക്കണം.

10) വവ്വാലുകളുടെ സാനിദ്ധ്യമുള്ള സ്ഥലങ്ങളിൽ പൊതു ജനങ്ങൾ പ്രവേശിക്കുന്നതും, വളർത്തുമൃഗങ്ങളെ മേയാൻ വിടുന്നതും കർശനമായി തടയേണ്ടതാണ്.

11) പന്നി വളർത്തുകേന്ദ്രങ്ങളിൽ പന്നികൾക്ക് രോഗ ലക്ഷണങ്ങൾ കാണുകയോ, അസാധാരണമായ മരണ നിരക്ക് ഉയരുകയോ ചെയ്താൽ അടുത്തുള്ള മൃഗാശുപത്രികളിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

12) വവ്വാലുകളും, പന്നികളും ഉൾപ്പെടെയുള്ള വന്യ ജീവികളുടെ ജഡം ഒരു കാരണവശാലും സ്പർശിക്കുവാൻ പാടില്ല.

<u>ജില്ലയിലെ പൊതുവായ നിയന്ത്രണങ്ങൾ</u>

1) ജില്ലയിൽ ജനക്കൂട്ടം നിയന്ത്രിക്കുന്നത് സംബന്ധിച്ച് സൂചന 2 പ്രകാരം നിർദ്ദശങ്ങൾ നൽകിയിട്ടുള്ളതാണ്.

2) നിപ വൈറസിന്റെ ഉറവിട കേന്ദ്രവും, രോഗബാധിതരായവരെ ചികിത്സിച്ച ആരോഗ്യകേന്ദ്രങ്ങളും, ജില്ലയുടെ പല ഭാഗത്തായി ഉള്ളതിനാൽ ജനങ്ങൾ സ്വയം നിയന്ത്രണങ്ങൾക്ക് വിധേയമാകേണ്ടതാണ്.

3) മാറ്റിവക്കാവുന്ന പൊതുപരിപാടികൾ, ചടങ്ങുകൾ, യോഗങ്ങൾ എന്നീവ നിയന്ത്രണങ്ങൾ പിൻവലിക്കുന്നതുവരെ മാറ്റിവെക്കേണ്ടതാണ്. യോഗങ്ങൾ എല്ലാം തന്നെ ഓൺലൈനായി മാത്രം നടത്തേണ്ടതാണ്.

4) തീർത്തും ഒഴിവാക്കാനാകാത്ത പരിപാടികൾ ജില്ലാ ഭരണകൂടത്തിന്റെ അനുമതി വാങ്ങിയശേഷം , വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മാത്രം നടത്തേണ്ടതാണ്.

5) നിയന്ത്രണങ്ങൾ പിൻവലിക്കുന്നതുവരെ അനാവശ്യയാത്രകൾ തീർത്തും ഒഴിവാക്കുക. പാർക്കുകൾ, ബിച്ചുകൾ, ഷോപ്പിങ്ങ് മാളുകൾ എന്നീവിടങ്ങളിലേക്കുള്ള സന്ദർശനം പരമാവധി ഒഴിവാക്കേണ്ടതാണ്.

6) ആശുപത്രികളിൽ സന്ദർശകരെ അനുവദിക്കുന്നതല്ല. രോഗിക്കൊപ്പം ഒരു ബൈസ്റ്റാന്ററെ മാത്രം അനുവദിക്കും.

7) ആരാധനാലയങ്ങളിൽ പോകുന്നവരും/ ചടങ്ങുകളിലും പങ്കെടുക്കുന്നവർ സ്വയംനിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാസ്ക്, സാനിറ്റൈസർ എന്നിവ കർശനമായും ഉപയോഗിക്കേണ്ടതാണ്.

8) ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പരിശോധനകൾ കർശനമാക്കേണ്ടതും, ആരോഗ്യ കേന്ദ്രങ്ങൾ വഴി ബോധവൽക്കരണം നടത്തേണ്ടതുമാണ്.

9) വവ്വാലുകളുടെ സാനിദ്ധ്യമുള്ള സ്ഥലങ്ങളിൽ പൊതു ജനങ്ങൾ പ്രവേശിക്കുന്നതും, വളർത്തുമൃഗങ്ങളെ മേയാൻ വിടുന്നതും കർശനമായി തടയേണ്ടതാണ്.

10) പന്നി വളർത്തുകേന്ദ്രങ്ങളിൽ പന്നികൾക്ക് രോഗ ലക്ഷണങ്ങൾ കാണുകയോ, അസാധാരണമായ മരണ നിരക്ക് ഉയരുകയോ ചെയ്താൽ അടുത്തുള്ള മൃഗാശുപത്രികളിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

11) വവ്വാലുകളും, പന്നികളും ഉൾപ്പെടെയുള്ള വന്യ ജീവികളുടെ ജഡം ഒരു കാരണവശാലും സ്പർശിക്കുവാൻ പാടില്ല.

12) കണ്ടൈൻമെന്റ് സോണിലേയ്ക്കുള്ള യാത്രകൾ കർശനമായി നിരോധിച്ചു.

ചെയർമാൻ

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ